**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

12.06.2019 ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1591

## പുതിയ ഗ്രാമപഞ്ചായത്തുകളുടെ രൂപീകരണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.മുല്ലക്കര രത്നാകരൻ :** | **ശ്രീ. എ.സി. മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പമന്ത്രി ) |
| സംസ്ഥാനത്ത് പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; പുതുതായി ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ? | സംസ്ഥാനത്ത് പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. പുതുതായി ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br>• 27,430 ൽ അധികം ജനസംഖ്യ<br>• 32 ച. കി. മീറ്ററിലധികം വിസ്തീർണ്ണം<br>• 50 ലക്ഷം രൂപയിൽ അധികം തനതു വരുമാനം<br>• ജനസംഖ്യ, ഭൂവിസ്തൃതി എന്നിവയ്ക്കു പുറമേ പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ<br>• മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനുള്ള സൗകര്യം<br>• ഒരു ഗ്രാമ പഞ്ചായത്ത് വിഭജിച്ചോ രണ്ടോ അതിലധികമോ ഗ്രാമ പഞ്ചായത്തുകളുടെ ഭാഗങ്ങൾ കൂട്ടിച്ചേർത്തോ വലിപ്പത്തിലും ജനസംഖ്യയിലും തുല്യത പുലർത്തുന്ന (20 % കൂടുതലോ കുറവോ) പുതിയ ഗ്രാമപഞ്ചായത്ത് രൂപീകരിക്കുന്നതിനുള്ള സാധ്യത. |

Radhakrishnan
**സെക്ഷൻ ഓഫീസർ**